''ഭരണഭാഷ - മാതൃഭാഷ''

**വ്യാവസായിക പരിശീലന വകുപ്പ്**

(കേരള സംസ്ഥാനം)

നമ്പർ: ജി1/110/2015 ചാക്ക, തിരുവനന്തപുരം

തീയതി: 02.12.2015

**ചുറ്ററിയിപ്പ്**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ സ്കീം) - മാർക്ക് ലിസ്റ്റുകൾ പ്രിന്റ് ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- ഇതേ നമ്പരിലുള്ള 11-5-2015 ലെ ചുറ്ററിയിപ്പ്.

****************

2015 ജൂലൈയിൽ നടന്ന അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് (സെമസ്റ്റർ സകീം) ൽ പങ്കെടുത്ത ട്രെയിനികൾക്കുള്ള മാർക്ക് ലിസ്റ്റ് എം.ഐ.എസ്. പോർട്ടലിൽ ലഭ്യമാണ്. ആയത് പ്രിന്റ് എടുക്കുന്നതു സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഇപ്രകാരം പ്രിന്റ് എടുക്കുന്ന മാർക്ക് ഷീറ്റും റിസൾട്ട് പ്രഖ്യാപിച്ച സമയത്ത് ഓൺ ലൈൻ മുഖേന ലഭിച്ച മാർക്ക്/റിസൾട്ട് എന്നീ വിവരങ്ങളുമായി ഒത്തുനോക്കി പരിശോധിച്ച് മാർക്ക് ഷീറ്റിലുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
2. ട്രെയിനിയുടെ പേര്, പിതാവിന്റെ പേര്, ജനനതീയതി തുടങ്ങിയ വിവരങ്ങൾ മാർക്ക് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ളത് ശരിയാണോ എന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.
3. മുകളിൽ പറഞ്ഞിരിക്കുന്ന വിഷയങ്ങളിൽ അപാകതകൾ കണ്ടെത്തുകയാണെങ്കിൽ ആയത് തിരുത്തി ലഭിക്കുന്നതിന് എം.ഐ.എസ്. വിഭാഗവുമായി ബന്ധപ്പെടേണ്ടതും ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതുമാണ്.
4. അപാകതകൾ ഇല്ലാത്ത മാർക്ക് ലിസ്റ്റുകൾ എ4 സൈസിൽ ഉള്ള 80 GSM ന് മുകളിൽ കനമുള്ള ഇളം പച്ച നിറത്തിൽ ഉള്ള ഫോട്ടോ കോപ്പിയർ പേപ്പറിൽ വേണം പ്രിന്റ് ചെയ്ത് ട്രെയിനികൾക്ക് വിതരണം ചെയ്യേണ്ടത്. ഈ മാർക്കു ലിസ്റ്റുകളുടെ പകർപ്പുകൾ അതാത് സ്ഥാപനത്തിൽ ട്രേഡ്/വർഷം/സെമസ്റ്റർ എന്ന രീതിയിൽ Index ചെയ്ത് ബൈൻഡ് ചെയ്ത് പ്രത്യേകം സൂക്ഷിക്കേണ്ടതാണ്.
5. മാർക്ക് ലിസ്റ്റ് വിതരണത്തിന് പ്രത്യേകം രജിസ്റ്റർ സൂചന സർക്കുലർ പ്രകാരം സൂക്ഷിക്കേണ്ടതാണ്.
6. ഒന്നിലധികം മാർക്ക് ലിസ്റ്റുകൾ ഒരു ട്രെയിനിക്ക് വിതരണം നടത്താൻ പാടില്ല.

തുടർന്ന് ഉള്ള എല്ലാ പരീക്ഷകളുടെയും മാർക്ക് ലിസ്റ്റുകൾ പ്രിന്റ് ചെയ്ത് വിതരണം നടത്തേണ്ടത് മുകളിൽ പറഞ്ഞിരിക്കുന്നതുപ്രകാരമായിരിക്കണമെന്നുള്ള കർശന നിർദ്ദേശം നൽകുന്നു.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ സർക്കാർ/ എസ്.സി.ഡി.ഡി./എസ്.റ്റി.ഡി.സി./ സ്വകാര്യ ഐ.ടി.ഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്.

എസ്സ്/3.12